# ഡോക്ടർമാർ മരുന്നുകമ്പനികളുടെ ഏജന്റുമാരാവരുത്

**ചികിത്സ,** സമ്പാദിക്കാനുള്ള മാർഗമായി കാണാൻ പാടില്ല. ഡോക്ടർമാരിലും ആശുപത്രി അധികൃതരിലും സമ്പാദ്യമനോഭാവം കടന്നുകൂടിയാൽ ചികിത്സാരംഗം ചൂഷണോപാധിയായി മാറും. രോഗികളെ ചൂഷണോപാധിയാക്കുന്നത് മഹാപാപമാണ്. ഈ നിലക്ക് നോക്കുമ്പോൾ, 2008 ജനുവരി 10 മുതൽ 13 വരെ കൊച്ചിയിൽ നടക്കുന്ന ഡോക്ടർമാരുടെ ദേശീയ സമ്മേളനത്തിന്റെ നടത്തിപ്പിന് മരുന്നുകമ്പനികളിൽനിന്ന് ഇരുപത് കോടി രൂപ സ്പോൺസർഷിപ്പ് വഴി പിരിച്ചെടുക്കാൻ തീരുമാനിച്ചതായുള്ള വാർത്ത ഞെട്ടലോടെയല്ലാതെ വായിക്കാൻ കഴിയില്ല. നാലു ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനത്തിന് 30 കോടി രൂപയാണത്രെ ചെലവ്. ബാക്കി 10 കോടിയിൽ 9 കോടിയും രജിസ്ട്രേഷൻ ഫീസിനത്തിൽ സ്വരൂപീക്കാനാണ് തീരുമാനം (പത്രവാർത്ത വന്നതിന്റെ തൊട്ടടുത്ത ദിവസം സംഘാടകർ ചെലവ് 4 കോടി മാത്രമാണെന്ന് അറിയിക്കുകയുണ്ടായി).

സാധാരണ രാഷ്ട്രീയ-സാമുദായിക ട്രേഡ് യൂനിയൻ സംഘടനകളുടെയും ജനകീയ സമിതികളുടെയും സമ്മേളനങ്ങളിൽ കുറച്ചൊക്കെ സംഘാടകരുടെ തന്നെ ശാരീരികാധ്വാനമുണ്ടാകും. സമ്മേളനച്ചെലവുകൾ ഒരു പരിധിയോളം ലഘൂകരിക്കാൻ ഇത് സഹായകമാണ്. ഡോക്ടർമാരെ സംബന്ധിച്ചേടത്തോളം ഇത്തരം ശാരീരികാധ്വാനത്തിന് അവരുടെ പദവിയും സമയക്കുറവും അനുവദിക്കാറില്ല. അതുകൊണ്ട് സമ്മേളനച്ചെലവുകൾ ഏറുമെന്ന കാര്യത്തിൽ സംശയമില്ല. സ്പോൺസർമാരെ കണ്ടെത്തുക മാത്രമേ പരിഹാരമാർഗമായി അവർ കാണുന്നുള്ളൂ. 50000 രൂപ മുതൽ ഒരു കോടി വരെ മരുന്നു കമ്പനികൾ സ്പോൺസർ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.


കോടികളുടെ വിറ്റുവരവുള്ള സ്ഥാപനങ്ങളാണ് മരുന്നു കമ്പനികൾ. ആഗോളാടിസ്ഥാനത്തിൽ പടർന്നു പന്തലിക്കുന്ന ഔഷധ വ്യാപാരമേഖലക്ക് താങ്ങും തണലുമായി വർത്തിക്കുന്നത് പ്രധാനമായും ഡോക്ടർമാർ തന്നെയാണ്. ഏതൊരു ഉൽപന്നവും വിപണിയിലിറക്കുമ്പോൾ ഉപഭോക്താവിന്റെ ഹിതവും രുചിയും ഉൽപാദകർ പരിഗണിക്കാറുണ്ട്. ഉപഭോക്താവിന്റെ മാറിക്കൊണ്ടിരിക്കുന്ന രുചിഭേദവും ഇഷ്ടാനിഷ്ടങ്ങളും കണക്കിലെടുത്ത് സാധനങ്ങൾ ഉൽപാദിപ്പിക്കുകയും വമ്പിച്ച പരസ്യങ്ങൾ നൽകി വിപണി പിടിച്ചെടുക്കുകയുമാണ് വ്യാപാരികളും ഉൽപാദകരും ചെയ്യുന്നത്. അതേ അവസരം മരുന്നുൽപാദകരെയും വ്യാപാരികളെയും സംബന്ധിച്ചേടത്തോളം അവരുടെ ഉൽപന്നങ്ങൾ ഡോക്ടർമാർ മാത്രം അറിഞ്ഞിരുന്നാൽ മതി. ഡോക്ടർ മരുന്ന് നിർദേശിച്ചുകഴിഞ്ഞാൽ പിന്നെ അതിന്റെ വില നിലവാരമോ ഗുണനിലവാരമോ അന്വേഷിച്ചുനടക്കാൻ രോഗിയോ രോഗിയുടെ ബന്ധുക്കളോ മെനക്കെടാറില്ല. എത്രയും വേഗം മരുന്നു വാങ്ങി രോഗവിമുക്തി നേടാനുള്ള തത്രപ്പാടിലായിരിക്കും അവർ. ഈ നിസ്സഹായത ചൂഷണം ചെയ്താണ് ഔഷധ വ്യാപാരികൾ തടിച്ചുകൊഴുക്കുന്നത്. ഏതു മാർഗത്തിലൂടെയും ഡോക്ടർമാരെ സ്വാധീനിച്ച് വമ്പിച്ച ലാഭം കൊയ്യാൻ മരുന്നു കമ്പനികൾ മുന്നിട്ടിറങ്ങിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഡോക്ടർമാർക്ക് കമീഷൻ, സ്പോൺസറിംഗ്, ഗിഫ്റ്റ് എന്നീ ഇനങ്ങളിൽ ചെലവഴിക്കപ്പെടുന്ന പണം ഇരട്ടിയായി തിരിച്ചുപിടിക്കാമെന്ന ഉറച്ച കണക്കുകൂട്ടലിലാണ് ഔഷധ വ്യാപരികൾ. ഇത് മരുന്നു വില കുതിച്ചുയരാൻ കാരണമാവുന്നു. സാധാരണക്കാരെയാണ് ഇത് കൂടുതൽ പ്രതികൂലമായി ബാധിക്കുക. ഡോക്ടർമാരുടെ സമരം നിയമവിരുദ്ധമായി പ്രഖ്യാപിക്കണമെന്നും അവശ്യ സർവീസ് നിയമപ്രകാരം നടപടിയെടുക്കണമെന്നുമാവശ്യപ്പെട്ട് ഡോക്ടർ ഗണപതി നൽകിയ ഹരജിയിൽ ചീഫ് ജസ്റ്റിസ് എച്ച്. എൽ. ദത്തു, ജസ്റ്റിസ് കെ.ടി ശങ്കരൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് സർക്കാരും ഡോക്ടർമാരും തമ്മിലെ ഏറ്റുമുട്ടൽ മൂലം സാധാണക്കാരാണ് കഷ്ടപ്പെടുന്നതെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി (*മാധ്യമം* 2007 ഡിസംബർ 5).

ഡോക്ടർമാരും ഔഷധ വ്യാപാരികളും തമ്മിലുള്ള ധാരണകളും സാധാരണക്കാരെ കഷ്ടപ്പെടുത്തുന്നുണ്ട് എന്നുകൂടി ഇതിനോട് കൂട്ടിച്ചേർക്കേണ്ടതുണ്ട്. അടിസ്ഥാന ചികിത്സ പോലും ലഭിക്കാതെ പതിനായിരങ്ങൾ നരകിക്കുന്ന നാട്ടിൽ മൂന്നാഴ്ചക്കകം അവശ്യമരുന്നുകളുടെ വില 25 ശതമാനം വർധിച്ചത് ഉത്കണ്ഠാജനകമാണ്. രോഗികൾക്ക് ആവശ്യത്തിലധികം മരുന്ന് കുറിച്ചു കൊടുക്കുന്ന പ്രവണതയും ഡോക്ടർമാരിൽ വർധിച്ചുവരുന്നു. ചില ഡോക്ടർമാർ 5 മുതൽ 25 വരെ മരുന്നുകൾ ഔട്ട് പേഷ്യന്റ് വിഭാഗത്തിലെത്തുന്ന രോഗികൾക്ക് എഴുതിക്കൊടുക്കുന്നതായി ഡ്രഗ്സ് കൺട്രോളറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് മന്ത്രി പി.കെ ശ്രീമതി ഡിസംബർ 11-ന് നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞതും ശ്രദ്ധേയമാണ്. ഇതേ തുടർന്നാണ് ആവശ്യത്തിലധികം മരുന്ന് കുറിച്ചുകൊടുക്കുന്നത് നിയന്ത്രിക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവന്നത്. രോഗശമനത്തിനാവശ്യമായ മരുന്ന് മാത്രം കുറിച്ചുകൊടുക്കുകയാണ് ഒരു ഡോക്ടറുടെ ധാർമികത.

**പി.എ.എം അബ്ദുൽ ഖാദിർ**
**ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ**
**പൂപ്പലം**

## കത്തുകൾ




## കൗമാരത്തിന് വഴിപിഴക്കുന്നു

**'കൈവിട്ടു** പോകുന്ന കൗമാരം' എന്ന ലേഖനം (ലക്കം 29) വായിച്ചു. ഏറെ പ്രസക്തവും അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ് ഈ വിഷയം. വഴിതെറ്റുന്ന കുട്ടികളെക്കുറിച്ച് മഹല്ലുകൾ ക്കോ സംഘടനകൾക്കോ മതനേതൃത്വത്തിനോ ചിന്തിക്കാൻ സമയമില്ല. കക്ഷി മാത്സര്യത്തിന്റെ പിടിയിൽപെട്ട സമുദായ സംഘടനകൾ ഈ വിഷയം അജണ്ടയിൽനിന്നും ഒഴിവാക്കിയ മട്ടാണ്.

അത്യന്തം സ്ഫോടനാത്മകമായ അന്തരീക്ഷത്തിലാണ് യുവതലമുറ വളരുന്നത്. ഭൗതിക സൗകര്യങ്ങളുടെ ധാരാളിത്തം പുതിയ തലമുറയെ വലിയൊരളവിൽ വഴിതെറ്റിക്കുന്നുണ്ട്. ഇഷ്ടം പോലെ പണവും വസ്ത്രവും നൽകുന്ന രക്ഷിതാക്കൾ, കുട്ടികളുടെ ധാർമികജീവിതത്തിന് ഒരു വിലയും കൽപിക്കുന്നില്ല.

കുട്ടികളുടെ കൈയിൽ നിർലോഭം പണം കൊടുത്തുവിടുമ്പോൾ കുട്ടികൾ അതിനെക്കുറിച്ച് ലാഘവത്തോടെ ചിന്തിക്കാൻ ഇടവരുന്നു. പണത്തിന്റെ മൂല്യം, സാധനങ്ങളുടെ വില, കുടുംബ ബജറ്റ് തുടങ്ങിയ കാര്യങ്ങളിൽ കുട്ടികളെ കൂടി ബോധവത്കരിക്കണം. യുവാക്കൾക്ക് വഴിതെറ്റാൻ സർവവിധ സാഹചര്യങ്ങളും ഒരുക്കുന്ന മുതിർന്ന തലമുറ ഇനിയെങ്കിലും പ്രശ്നത്തിന്റെ മർമം കണ്ട് ചികിത്സിക്കട്ടെ.

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

# മതതാരതമ്യപഠനത്തിന്റെ പ്രസക്തി

*പ്രബോധനം* 24 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ഇ.സി സൈമൺ മാസ്റ്ററുടെ 'ബൈബിൾ -ഖുർആൻ താരതമ്യപഠനം' ശ്രദ്ധേയമായി. ബൈബിളിന്റെയും ഖുർആന്റെയും ആധികാരികത ചർച്ചക്ക് വിധേയമാക്കുകയാണ് ലേഖകൻ. ബൈബിളിനെ അന്ധമായി എതിർക്കുകയല്ല അദ്ദേഹം. വിയോജിപ്പുകളല്ല, യോജിപ്പിന്റെ മേഖലകളാണ് ഊന്നിപ്പറയുന്നത് എന്നതും ശ്രദ്ധേയം.

വേദക്കാരെ യോജിപ്പിന്റെ മേഖലകളിലേക്ക് ക്ഷണിക്കുകയാണല്ലോ ഖുർആൻ (3:64) ചെയ്യുന്നത്. ഓരോ മുസ്‌ലിമും മുഹമ്മദ് നബിക്ക് ഇറക്കപ്പെട്ട വേദത്തിലും മുൻകഴിഞ്ഞ പ്രവാചകന്മാർക്ക് ഇറക്കപ്പെട്ട വേദങ്ങളിലും വിശ്വസിക്കാൻ കടപ്പെട്ടവനാണ് (2:136,285). ദൈവികവാക്യങ്ങൾ നിലവിലുള്ള ബൈബിളിൽ ഉണ്ടെന്നതിൽ തർക്കമില്ല. ദൈവിക വാക്യങ്ങൾ മാത്രമല്ല, യേശുവിന്റെയും മറ്റു പ്രവാചകന്മാരുടെയും വാക്യങ്ങളും അവരുടെ കഥകൾ വിവരിക്കുന്ന വിവരണങ്ങളും സുവിശേഷകർത്താക്കളുടെ വചനങ്ങളുമെല്ലാം അതിൽ കണ്ടെത്താം. അതുകൊണ്ടാണ് ബൈബിൾ പൂർണമായി ദൈവപ്രോക്തമാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കാത്തത്. ഇക്കാര്യം പ്രമുഖ ബൈബിൾ പണ്ഡിതന്മാരും സാക്ഷ്യപ്പെടുത്തിയതാണ്. ബൈബിളിൽ വൈരുധ്യങ്ങൾ കടന്നുകൂടിയതും മനുഷ്യരുടെ കൈകടത്തലുകൾ കാരണമായതാണ്.

യേശുക്രിസ്തു പ്രബോധനം ചെയ്തിരുന്നത് ഇസ്‌ലാമായിരുന്നു എന്നതിലേക്കാണ് സൈമൺ മാസ്റ്ററുടെ പഠനം വിരൽചൂണ്ടുന്നത്. യേശുവിന്റെ അധ്യാപനങ്ങൾ പിൻപറ്റുന്നതും മുസ്‌ലിംകളാണെന്നു കാണാം. ക്രിസ്തുമതവിശ്വാസികൾ അനുധാവനം ചെയ്യുന്നത് പലപ്പോഴും വിശുദ്ധ പൗലോസിന്റെയും സഭകളുടെയും അധ്യാപനങ്ങളാണ്.

യേശു പറഞ്ഞു: 'നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്' (മാർകോസ് 12:29). മുസ്‌ലിംകളും അപ്രകാരം *ലാഇലാഹ ഇല്ലല്ലാഹ്* എന്ന ആദർശത്തിൽ വിശ്വസിക്കുന്നു. 'നീ നിന്റെ കർത്താവിനെ മാത്രം നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ' എന്നതാണ് യേശുവിന്റെ കൽപന (മത്തായി 4:10). മുസ്‌ലിംകളും അപ്രകാരം ഏകദൈവത്തിന് മാത്രം ആരാധനകളർപ്പിക്കുന്നു. എന്നാൽ ക്രൈസ്തവർ ത്രിയേകത്വത്തിൽ വിശ്വസിക്കുകയും യേശുവിനെത്തന്നെ ആരാധനാപാത്രമാക്കുകയും ചെയ്യുന്നു.

യേശുവിന്റെ ആരാധനാ രീതിയും ബൈബിൾ വ്യക്തമാക്കുന്നു. 'യേശു അൽപം മുന്നോട്ടു നീങ്ങി കമിഴ്ന്ന് വീണ് പ്രാർഥിച്ചു' (മത്തായി 26:29). മുസ്‌ലിംകളും സാഷ്ടാംഗം (സുജൂദ്) ചെയ്ത് പ്രാർഥിക്കുന്നു. യേശുവിന്റെ ഉപവാസവും (മത്തായി 4:2) ബൈബിൾ വിവരിക്കുന്നു. തനിക്ക് അന്ത്യനാളിനെ പറ്റിയോ അദൃശ്യ കാര്യങ്ങളെക്കുറിച്ചോ അറിയില്ലെന്നും അവ ഏകദൈവത്തിനു മാത്രമേ അറിയൂ എന്നും യേശു വക്തമാക്കുന്നുണ്ട് (മാർക്കോസ് 13:32, 11:12). ഈ വിശ്വാസം തന്നെയാണ് മുസ്‌ലിംകൾക്കുമുള്ളത്. യേശുവിന്റെ അഭിവാദനം പോലും കൃത്യമായിരുന്നു. "യേശു അവർക്കിടയിൽ വന്ന് 'നിങ്ങൾക്ക് സമാധാനം' എന്നു പറഞ്ഞു" (ലൂക്കോസ് 26:26, യോഹന്നാൻ 21:21). യേശു അതിനുപയോഗിച്ച ഭാഷതന്നെ 'ശലോം അലേക്കും' എന്നായിരുന്നു. താൻ പ്രവാചകനാണെന്ന കാര്യം യേശു അസന്ദിഗ്ധമായി വ്യക്തമാക്കിയിരിക്കെ (ലൂക്കോസ് 24:19), ക്രൈസ്തവ സമൂഹം ഇന്നും പിന്തുടരുന്നത് പൗലോസിന്റെയും സുന്നഹദോസുകളുടെയും അധ്യാപനങ്ങളാണ്.

**സുഹൈറലി തിരുവിഴാംകുന്ന്**

# യാങ്കി ഇരട്ടത്താപ്പിന്റെ വികൃതമുഖം; നമ്മുടെയും

**മിന്നലാക്രമണത്തിലൂടെ** അമേരിക്ക ഇറാൻ സൈന്യത്തെ നശിപ്പിക്കുമെന്ന് ഒരു അമേരിക്കൻ ദേശീയ സുരക്ഷാ മേധാവി പ്രസ്താവിച്ചതായി ലണ്ടനിലെ *സൺഡേ ടൈംസിൽ* വാർത്ത. പശ്ചിമേഷ്യയിലുടനീളം ഇറാൻ തീവ്രവാദം പ്രചരിപ്പിക്കുന്നതായി അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി കൊണ്ടലീസ റൈസ് നിരന്തരമായി ആരോപണം നടത്തിവരുന്നു. എന്നാൽ ഇറാനിലെ റവല്യൂഷനറി ഗാർഡുകളെ ഭീകരരായും ഇറാനെ ഭീകരരാഷ്ട്രമായും മുദ്ര കുത്തുന്ന അമേരിക്ക, അണുബോംബ് നിർമാണം നടത്തുകയും ഫലസ്തീനികൾക്കെതിരെ ആക്രമണമഴിച്ചുവിടുകയും ചെയ്യുന്ന ഇസ്രയേലിനെതിരെ ഒരക്ഷരം മിണ്ടുന്നുമില്ല. തങ്ങളുടെ ആജ്ഞാനുവർത്തി രാഷ്ട്രങ്ങളുടെ വഴിവിട്ട പ്രവർത്തനങ്ങൾക്കെതിരെ കണ്ണുചിമ്മുകയും തങ്ങളുടെ ദുഷ്ട-സ്ഥാപിത താൽപര്യങ്ങൾക്ക് വഴങ്ങാത്ത ഇറാനെ പോലുള്ള രാഷ്ട്രങ്ങൾക്ക് നേരെ കണ്ണുരുട്ടുകയും ചെയ്യുന്ന യാങ്കീ സമീപനം അവരുടെ വൃത്തികെട്ട ഇരട്ടത്താപ്പിന്റെ വികൃത മുഖമാണ് അനാവരണം ചെയ്യുന്നത്.

ചേരിചേരാ നയത്തിൽ ഉറച്ചുനിന്നുകൊണ്ട് വിയറ്റ്നാം യുദ്ധത്തിൽ അമേരിക്കക്കെതിരെ വ്യക്തമായ നിലപാടു സ്വീകരിച്ച ഇന്ത്യയും, ഇറാനെതിരെയുള്ള യാങ്കീ അതിക്രമങ്ങൾക്ക് പച്ചക്കൊടി കാണിക്കുകയാണ്. നമ്മെ ഒരു കാലത്തും ദ്രോഹിച്ചിട്ടില്ലാത്ത, എക്കാലവും നമ്മുടെ സുഹൃത്തുമായ ഇറാനെതിരെ നാമെന്തിന് യാങ്കിദാസ്യത്തിനു നിന്നുകൊടുക്കുന്നു? തുഛമായ കാര്യലാഭത്തിനു നമ്മുടെ ദേശീയ സുരക്ഷ പോലും അപകടത്തിലാക്കുന്ന ആണവ കരാറിന് വഴങ്ങുന്നത് ആത്മഹത്യാപരമല്ലെങ്കിൽ മറ്റെന്താണ്?

**റഹ്‌മാൻ മധുരക്കുഴി**

# ദീനീബോധം ഊട്ടിയുറപ്പിക്കാതിരുന്നാൽ

**കൗമാരപ്രായക്കാരായ** മക്കളുടെ കൈയിൽ കണക്കില്ലാത്ത പണം വെച്ചുകൊടുക്കുന്ന രക്ഷിതാക്കൾ മക്കളെ രക്ഷിക്കുകയല്ല, തകർക്കുകയാണ് ചെയ്യുന്നത്. അർഹിക്കാതെ കിട്ടുന്ന പണം അപഥസഞ്ചാരത്തിന്റെ പാത തുറക്കുന്നു.

സിനിമയും സീരിയലുകളും ഇന്റർനെറ്റുമെല്ലാം സമുദായത്തിൽ അറിവിനേക്കാൾ മുറിവുകളാണുണ്ടാക്കിയിട്ടുള്ളത്. അവ വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും ഉറവിടങ്ങളാണെന്നതിനേക്കാൾ യുവതിയുവാക്കളെ കെണിയിൽ വീഴ്ത്തുന്ന ചതിക്കുഴികളായി മാറിയിരിക്കുന്നു.

പ്രേമം മൂത്ത് യുവതികൾ കണ്ടവന്റെ കൂടെ ഒളിച്ചോടുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുന്നു. കാമദാഹികളായ മനുഷ്യപ്പിശാചുക്കൾ ഇരകളായ പെൺകുട്ടികളെ വലയിൽ കുരുക്കുന്ന വിഷംപുരട്ടിയ ആയുധമായി പ്രേമത്തെ ഉപയോഗിക്കുന്നു. മക്കളെ ഉദ്യോഗങ്ങളുടെ ഉന്നതങ്ങളിൽ കയറ്റിയിരുത്താനുള്ള തത്രപ്പാടിൽ, ആർത്തിപൂണ്ട മാതാപിതാക്കൾക്ക് നഷ്ടപ്പെടുന്നത് സ്വസ്ഥതയും സമാധാനവുമാണ്. ലാളിച്ചുവളർത്തിയ മക്കൾ ഡ്രൈവറുടെയും വേലക്കാരന്റെയും അയൽക്കാരന്റെയും കൂടെ ഒളിച്ചോടിപ്പോയതറിയുമ്പോഴാണ് തങ്ങൾ വിഡ്ഢികളുടെ സ്വർഗത്തിലായിരുന്നുവെന്ന് അവർ അറിയുന്നത്. പോറ്റിവളർത്തിയ മാതാപിതാക്കൾക്ക് ഒടുവിൽ കണ്ണീരും ഭ്രാന്തും മിച്ചം. മക്കളിൽ ദീനീബോധം ഊട്ടിയുറപ്പിക്കാതെ വളർത്തുന്നതിന്റെ ദുരന്തങ്ങളാണിവയെല്ലാം.

**കെ.പി ഇസ്മാഈൽ കണ്ണൂർ**